ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/482/2026-EG4 തീയതി: 19-01-2026

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ) -കേരളാ പബ്ലിക് സർവീസ് കമ്മീഷൻ 2025 ജൂലൈ മാസത്തിൽ നടത്തിയ വകുപ്പ് തല പരീക്ഷാ ഫലത്തിൻറെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ / തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ക്ലാർക്ക് / ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) 29.12.2025 ലെ DE I(1) 1190802/2025/EW/Dummy1 നമ്പർ വിജ്ഞാപനം

2) 03.09.2025 DTETVM/6146/2025-EG4 നമ്പർ ഉത്തരവ്.

സൂചന (1) പ്രകാരം 2025 ജൂലൈ മാസത്തെ വകുപ്പ് തല പരീക്ഷ (അക്കൌണ്ട് ടെസ്റ്റ്) യുടെ ഫലം പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രസ്തുത പരീക്ഷ വിജയിച്ച ക്ലാർക്ക് / ക്ലാർക്ക്-ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി നിലവിലെ സീനിയോറിറ്റി പട്ടിക പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

കൂടാതെ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാത്തതും നിലവിൽ 50 വയസ്സ് പൂർത്തീകരിച്ചതുമായ ജീവനക്കാരും, Rule 13 A of KS & SSR പ്രകാരം വകുപ്പ് തല പരീക്ഷയിൽ ഇളവ് ലഭിക്കേണ്ട SC/ST വിഭാഗത്തിൽപ്പെട്ട ജീവനക്കാരും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സർക്കുലർ പ്രസിദ്ധീകരിച്ചു 10 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരെയും കാണിച്ച് ബോദ്ധ്യപ്പെടുത്തി ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കുവാൻ എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

ടൈപ്പിസ്റ്റ് തസ്തികയിൽ (UD ടൈപ്പിസ്റ്റ്/സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ വകുപ്പ് തല പരീക്ഷ വിജയിക്കുകയും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് സമ്മതം അറിയിക്കുകയും ചെയ്യുന്ന പക്ഷം ഇവർ GO (Ms) No. 41/2012/P&ARD dated 23.08.2012 പ്രകാരമുള്ള യോഗ്യത നേടിയിട്ടുണ്ടോയെന്ന് സ്ഥാപന മേധാവികൾ പരിശോധിച്ച് യഥാവിധി സാക്ഷ്യപ്പെടുത്തി മേൽപറഞ്ഞ സമയ പരിധിക്കുള്ളിൽ പ്രസ്തുത അപേക്ഷകളും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

JAYAPRAKASH P
DIRECTOR

Signed by
Jayaprakash P
Date: 19-01-2026 16:23:40

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സൂപ്രണ്ട്, **ED** സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

PROFORMA

| | | |
|---|---|---|
| 1 | Name | |
| 2 | Present Post | Clerk / Clerk-Typist (Typist-Clerk) / Typist(UD / SeniorGrade / Selection Grade) |
| 3 | Date of Birth | |
| 4 | Whether SC/ST | |
| 5 | Qualification:<br>General & Department Test | <br> |
| 6 | Method of Appointment | |
| 7 | Opted District | |
| 8 | No. & Date of PSC Advice (Copy should be attached) | |
| 9 | No. & Date of Appointment Order(Copy should be attached) | |
| 10 | Date of joining | |
| 11 | Date of joining in the present District | |
| 12 | Date of regularization of appointment(Copy of the order should be attached) | |
| 13 | Date of commencement of continuous service in this Dept | |
| 14 | Date of declarationof probation | |
| 15 | Month & Year of acquiring Departmental Test Qualification (Copies of the certificate should be attached) | |
| 16 | Details regarding LWA /Dept level enquiry if any/Deputation /Suspension / Disciplinary action | |
| 17 | Contact Details(Mobile No.) | |
| 18 | Other remarks if any | |

PLACE: SIGNATURE:

DATE: NAME:

**CERTIFICATE**

Certified that I have verified the above details with reference to the Service Book concerned and found correct.

**Signature with seal of the employer**

Place:

Date: